**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2041** **02-02-2024 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിക്കുള്ള വിശദപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിക്കുള്ള വിശദ പഠനരേഖയും അലൈൻമെൻറ് മാപ്പും തയ്യാറാക്കുന്നതിനു വേണ്ടി ലിഡാർ / ഗൂഗിൾ എർത്ത് രീതിയിലല്ലാതെ ഭൂവിടങ്ങൾ നേരിട്ട് സന്ദർശിച്ച് കൊണ്ടുള്ള Topographical Survey (ഭൂപ്രകൃതി സർവ്വേ), Geographical Survey (ഭൂഘടന പരമായസർവ്വേ), Geotechnical Survey (ഭൂസ്വഭാവ സർവ്വേ), Hydrological Survey (ജല ശാസ്ത്ര പരമായ സർവ്വേ ), Social Impact Survey (സാമൂഹിക ആഘാത പഠനം), Traffic Survey (ഗതാഗത സർവ്വേ ) എന്നീ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തിരുവനന്തപുരം - കാസർഗോഡ്സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കെ.ആർ.ഡി.സി.എൽ വിദഗ്ധരും ജനറൽ കൺസൾട്ടന്റായ സിസ്ട്ര യുടെ വിദഗ്ധരും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ടോപ്പോഗ്രാഫിക്കൽ സർവ്വേ (ലിഡാർ) യുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ സർവ്വേ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹൈഡ്രോളജിക്കൽ സർവ്വേ, ട്രാഫിക്ക് സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, ദ്രുത പാരിസ്ഥിക ആഘാത പഠനം എന്നീ സർവ്വേകളും നടത്തിയിട്ടുണ്ട്. മേൽ പറഞ്ഞ പഠനങ്ങളിൽ സാമൂഹികാഘാത പഠനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളതല്ല. തുടർന്ന് പദ്ധതിക്ക് കേന്ദ്രത്തിന്റെ അന്തിമാനുമതി ലഭിച്ചതിനു ശേഷം സാമൂഹികാഘാത വിലയിരുത്തൽ പഠനത്തിനായുള്ള പുനഃവിജ്ഞാപനം പുറപ്പെടുവിക്കുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത പഠനം നടത്തിയിട്ടുണ്ടെങ്കിൽ ഓരോ പഠനവും ഏതേതു ഏജൻസികളാണ് നടത്തിയത് എന്നും ഓരോ പഠനത്തിനും എത്ര രൂപ വീതം ചെലവായി എന്നുമുള്ള വിശദ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ; മേൽ പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിൽ ആയത് എന്നത്തേയ്ക്കാണ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>പ്രസ്തുത പഠന റിപ്പോർട്ടുകളെല്ലാം ഡി.പി.ആർ ന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് പ്രസ്തുത ഡി.പി.ആർ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. |
| (സി) | സിൽവർ ലൈൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയ ഇ.ക്യു.എം.എസ്. എന്ന ഏജൻസി സമർപ്പിച്ചിട്ടുള്ള ഒറിജനൽ റിപ്പോർട്ടിന്റെ പകർപ്പോ ആയത് ലഭ്യമല്ലെങ്കിൽ കരട് റിപ്പോർട്ടിന്റെ പകർപ്പോ | (സി) | ഇ.ക്യൂ.എം.എസ്.ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കി വരുന്ന പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അന്തിമമാകുന്ന മുറക്ക് ആയത് നൽകുന്നതാണ്. ആവശ്യമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനു |

| | | | |
|---|---|---|---|
| | ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കാൻ ചെലവാക്കിയ തുകയുടെ വിശദാംശം നൽകുമോ? | | ഇതുവരെ 40,12,000 രൂപ ഇ. ക്യൂ.എം.എസ് ന നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പഠനം | ഏജൻസി | ചെലവായ തുക |
|---|---|---|---|
| 1 | ഭൂപ്രകൃതി സർവ്വെ (ടോപ്പോ സർവ്വേ/ലിഡാർ) | M/s Geokno India Pvt. Ltd. | 2,08,93,760.76 |
| 2 | ഭൂഘടനാപരമായ/ഭൂസ്വഭാവ സർവ്വെ (ജിയോടെക്നിക്കൽ & ജിയോ ഗ്രാഫിക്കൽ സർവ്വേ) | M/s Anandaraj Infra Tech Pvt. | 75,91,294.78 |
| | | M/s Sakthi Development Coy | 10,53,980.44 |
| 3 | ജല ശാസ്ത്രപരമായ സർവ്വെ (ഹൈഡ്രോജിക്കൽ സർവ്വേ) | M/s Rites | 64,86,688.23 |
| 4 | സാമൂഹിക ആഘാത പഠനം | • M/s Kerala Voluntary Health Services Kottayam<br>• M/s Rajagiri Outreach, Kalamassery.<br>• M/s Arrow, Ernakulam<br>• M/s Veekay consultancy, Kozhikode | പഠനം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. അതിനാൽ തുക ഒന്നും തന്നെ ചെലവായിട്ടുള്ളതല്ല. |
| 5 | ട്രാഫിക്ക്/ഗതാഗത സർവ്വേ | M/s P K Engineers | 23,75,458.40 |
| 6 | ദ്രുത പാരിസ്ഥിതികാഘാത പഠനം | Center for Environment & Development, TVPM | 29,85,400.00 |